T1/25710/2021/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 06.09.2021

## പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റീസ്

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ന്യൂനപക്ഷ മത വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള 2021 - 2022 അധ്യയന വർഷത്തെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റീസിന്റെ അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനായി വെബ്സൈറ്റ് ഓപ്പൺ ചെയ്തിട്ടുള്ളത് സംബന്ധിച്ച് .

സൂചന :- 25/08/2021 ലെ കേന്ദ്ര ന്യൂനപക്ഷ ക്ഷേമ മന്ത്രാലയത്തിൽ നിന്നുള്ള No.SS-15/4 /2021 - Scholarship-MoMA നമ്പർ കത്ത്.

*********

മേൽ സൂചന പ്രകാരം കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം നടപ്പിലാക്കി വരുന്ന 2021 - 2022 അധ്യയന വർഷത്തെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റീസ് സ്റ്റുഡന്റസ് സ്കോളർഷിപ്പ് സ്കീമിന്റെ ഫ്രഷ്, റിന്യൂവൽ അപേക്ഷകൾ ന്യൂനപക്ഷ സമുദായങ്ങളായ മുസ്ലിം,ക്രിസ്ത്യൻ,ജൈന,സിഖ്,ബുദ്ധ,പാഴ്സി എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന നിശ്ചിത യോഗ്യതയുള്ള വിദ്യാർത്ഥികളിൽ നിന്നും ഓൺലൈനായി സ്വീകരിക്കുന്നതിനായി www.scholarships.gov.in എന്ന വെബ്സൈറ്റിലെ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (NSP) എന്ന വെബ്പേജ് ഓപ്പൺ ചെയ്തിട്ടുണ്ട്.

പ്ലസ് വൺ മുതൽ ഉയർന്ന ക്ലാസ്സുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി www.scholarships.gov.in അല്ലെങ്കിൽ www.minorityaffairs.gov.in എന്ന വെബ്സൈറ്റ് ലിങ്കുകൾ വഴിയോ അതുമല്ലെങ്കിൽ National Scholarship (NSP) എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെയോ സ്കോളർഷിപ്പിന്റെ ഓൺലൈൻ അപേക്ഷകൾ **2021 നവംബർ 30** വരെ സമർപ്പിക്കാവുന്നതാണ്. ഇപ്രകാരം സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ വിദ്യാർത്ഥികൾ പഠനം നടത്തുന്ന ഇൻസ്റ്റിറ്റ്യൂട്ട് തലത്തിലും സംസ്ഥാനതലത്തിലും കേന്ദ്ര തലത്തിലും വെരിഫിക്കേഷന് വിധേയമാക്കപ്പെടുന്നതാണ്. ആയതിനാൽ സ്കോളർഷിപ്പിനായി നിർദ്ദേശിച്ചിട്ടുള്ള ടൈംലൈൻ അപേക്ഷിക്കുന്ന എല്ലാ വിദ്യാർത്ഥികളും സ്ഥാപനമേധാവികളും (University/ Institutes/ College/ Schools) കർശനമായി പാലിക്കേണ്ടതാണ് .

സ്കോളർഷിപ്പിനായി www.scholarships. gov.in (നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ) വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ ഓഫീസിലെ 13/08/2021ലെ ഇതേ നമ്പർ സർക്കുലർ പ്രകാരം കൃത്യതയോടെ നടപ്പിലാക്കുന്നതിനുവേണ്ടി എല്ലാ ഇൻസ്റ്റിറ്റ്യൂട്ട് നോഡൽ ഓഫീസർമാരും (INO) അവരവരുടെ ആധാർ കാർഡിലെ വിവരങ്ങൾ ഉപയോഗിച്ച് നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ അംഗീകൃത AISHE/U-DISE/NCVT/SCVT കോഡുകൾ സഹിതം പുതിയ KYC രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. സ്കോളർഷിപ്പ് സംബന്ധിച്ച കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങളും അറിയിപ്പുകളും അതതു സമയങ്ങളിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിൻറെ www.dcescholarship.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതാണ്.

## സ്കോളർഷിപ്പ് സംബന്ധിച്ച പൊതുവായ വ്യവസ്ഥകൾ

**1) അപേക്ഷകർ കേരളത്തിലെ ന്യൂനപക്ഷ സമുദായങ്ങളായ മുസ്ലീം/ക്രിസ്ത്യൻ/സിഖ്/ബുദ്ധ/ജൈന/പാഴ്സി സമുദായങ്ങളിലൊന്നിൽ ഉൾപ്പെട്ടവരായിരിക്കണം.**

2) അപേക്ഷകർ താഴെ പറയുന്ന കോഴ്സുകളിലൊന്നിലെ വിദ്യാർത്ഥിയും തൊട്ടു മുൻവർഷത്തെ ബോർഡ് /യൂണിവേഴ്സിറ്റി പരീക്ഷയിൽ 50% ത്തിൽ കുറയാത്ത മാർക്കോ , തത്തുല്യ ഗ്രേഡോ ലഭിച്ചവരും ആയിരിക്കണം

(i) ഗവൺമെന്റ് /എയ്ഡഡ് /അംഗീകൃത അൺഎയ്ഡഡ് സ്ഥാപനങ്ങളിൽ ഹയർസെക്കൻഡറി /ഡിപ്ലോമ/ബിരുദം/ബിരുദാനന്തര ബിരുദം/എം.ഫിൽ/ പി.എച്ച്.ഡി. കോഴ്സുകൾക്ക് പഠിക്കുന്നവർ.

(ii) എൻ.സി.വി.ടി യിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഐ.ടി.ഐ /ഐ.ടി.സി സെന്ററുകളിലെയും ടെക്നിക്കൽ /വൊക്കേഷണൽ സ്കൂളുകളിലെയും ഹയർസെക്കൻഡറി തത്തുല്യ കോഴ്സുകളിൽ പഠിക്കുന്നവർ.

(iii) മെറിറ്റ് കം മീൻസ് സ്കോളർഷിപ്പിൻറെ പരിധിയിൽ വരാത്ത കോഴ്സുകളിൽ പഠിക്കുന്നവർ.

3) 2020-2021 -ൽ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റി സ്റ്റുഡന്റ്സ് സ്കോളർഷിപ്പ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും അവരുടെ നിലവിലുള്ള Application Id യിൽ തന്നെ 2021-2022 വർഷത്തേക്ക് റിന്യൂവൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

4) അപേക്ഷകരുടെ വാർഷിക വരുമാനം പരമാവധി 2 ലക്ഷം രൂപയിൽ കവിയാൻ പാടില്ല.

5) അപേക്ഷകർ മറ്റു സ്കോളർഷിപ്പുകളോ സ്റ്റൈപ്പൻഡോ കൈപ്പറ്റുന്നവർ ആയിരിക്കരുത് .

6) അപേക്ഷകർക്ക് ഐ.എഫ്.എസ്.സി കോഡുള്ള നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകളിൽ ഏതെങ്കിലും ഒന്നിൽ സ്വന്തം പേരിൽ ആക്ടീവായ സേവിങ്സ് ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണം.

7) കേരളത്തിന് പുറത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന കേരളത്തില വിദ്യാർഥികൾ കേരളം Domicile ആയി തിരഞ്ഞെടുത്തു ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്.

8) ഒരേ കുടുംബത്തിൽപ്പെട്ട രണ്ടിൽ കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതല്ല.

9) അപേക്ഷകർക്ക് നിർബന്ധമായും സ്ഥിരമായ ഒരു മൊബൈൽ നമ്പർ ഉണ്ടായിരിക്കണം.

10) വിദ്യാർത്ഥികൾക്ക് നിർബന്ധമായും ആധാർ നമ്പർ ഉണ്ടായിരിക്കേണ്ടതും ഇത് ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിക്കേണ്ടതുമാണ്. ആധാർ അടിസ്ഥാനമാക്കിയുള്ള വിദ്യാർത്ഥിയുടെ പേര്,ജനന തീയതി എന്നിവ ആധികാരികതയ്ക്കായി NSP പോർട്ടലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

11) സ്കോളർഷിപ്പ് നൽകുന്നത് കേന്ദ്ര ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രാലയത്തിൻറെ നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും.

12) സ്കോളർഷിപ്പ് സംബന്ധിച്ച വിശദവിവരങ്ങൾ ,അപേക്ഷിക്കേണ്ട രീതി, തുടർനടപടി എന്നിവ കേന്ദ്ര ന്യൂനപക്ഷ ക്ഷേമ മന്ത്രാലയത്തിൻറ www.scholarships.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

13) <u>മാന്വൽ അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.</u>

14) വിദ്യാർഥികൾ ഓൺലൈനായി അപേക്ഷിച്ച ശേഷമുള്ള അപേക്ഷാഫോമിൻറെ പ്രിൻറൗട്ട്

മുഴുവൻ അനുബന്ധ രേഖകളുടെ പകർപ്പുകൾ സഹിതം പഠിക്കുന്ന സ്ഥാപനത്തിൽ ഏൽപ്പിക്കുകയും അപ്ലിക്കേഷൻ ഐ.ഡി. വിദ്യാർഥികൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

15) 2021-2022 അധ്യയന വർഷത്തെ ഫീസ് വിവരങ്ങൾ ഇൻസ്റ്റിറ്റ്യൂഷൻ തലത്തിൽ പൂരിപ്പിക്കേണ്ടതാണ്.

16) ഇൻസ്റ്റിട്യൂഷൻസിലെ സ്കോളർഷിപ്പ് നോഡൽ ഓഫീസർമാർ (INO) ഓൺലൈനായി ഇൻസ്റ്റിട്യൂട്ടിന്റെ പ്രൊഫൈലിൽ ലഭിച്ചിരിക്കുന്ന അപേക്ഷകൾ കൃത്യമായി വെരിഫൈ ചെയ്യു അപ്രൂവൽ നൽകേണ്ടതും, അപേക്ഷകൾ അതാതു ഇൻസ്റ്റിട്യൂഷൻസിൽ സൂക്ഷിക്കേണ്ടതുമാണ്. ഈ അപേക്ഷകൾ സ്കോളർഷിപ്പ് സംസ്ഥാന തല നോഡൽ ഓഫീസർ (SNO) അതാതു സ്ഥാപനങ്ങളിൽ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുന്നതാണ്.പരിശോധനസമയത്തു അപാകതകളുണ്ടെന്നു ബോധ്യപ്പെട്ടാൽ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് റദ്ദാക്കുന്നതും ഇൻസ്റ്റിട്യൂഷൻ നോഡൽ ഓഫീസർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതും ടിയാന്റെ അശ്രദ്ധ കാരണം കുട്ടികൾക്കും സർക്കാരിനും ഉണ്ടാകുന്ന ബാധ്യതയ്ക്കു ടിയാൾ മാത്രമായിരിക്കും ഉത്തരവാദിയെന്നുമുള്ള വിവരം അറിയിക്കുന്നു.

17) വ്യാജ അപേക്ഷകൾ സമർപ്പിക്കുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

18) ഓൺലൈൻ അപേക്ഷയിലെ വിവരങ്ങളും വിദ്യാർത്ഥികൾ തങ്ങളുടെ ഇൻസ്റ്റിട്യൂഷൻസിൽ സമർപ്പിക്കുന്ന പ്രിന്റൗട്ടിന്റെയും അനുബന്ധരേഖകളുടെയും പകർപ്പുകളുടെയും വിവരങ്ങളിൽ വ്യത്യാസം ഉണ്ടാകരുത്.

<u>വിശദവിവരങ്ങൾക്ക് :-</u>

ഇ-മെയിൽ ഐ.ഡി.- postmatricscholarship@gmail.com
ഫോൺ നമ്പർ - 0471- 2306580, 9446096580

# Approval Valid

Digitally Approved By
മനോമോഹൻ കെ
Date: 06.09.2021
Reason: Approved

ഒപ്പ്/-
**മനോമോഹൻ കെ**
സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്

പകർപ്പ്:-

സിസ്റ്റം അഡ്മിനിസ്ട്രേറ്റർ , കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ് (www.dcescholarship.kerala.gov.in www.colligiateedu.kerala.gov.in എന്നീ സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിനു )